Published on 06-03-18

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 116

# 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 116

# 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

399/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 116

# 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2017 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 8സി വകുപ്പിന്റെ ഭേദഗതി.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 8സി വകുപ്പ്, (1)-ാം ഉപവകുപ്പിൽ "ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ" എന്ന വാക്കുകൾക്കു ശേഷം "അല്ലെങ്കിൽ 19ജി വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥ പ്രകാരം, കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കുവാൻ യോഗ്യതയുള്ള, റദ്ദാക്കപ്പെട്ട വകുപ്പിലെ ഒരു ഡെപ്യൂട്ടി കമ്മീഷണറെ" എന്ന വാക്കുകളും അക്കവും അക്ഷരവും ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 12) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിന് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് (2008-ലെ 31) മുഖേന, ഭേദഗതി വരുത്തിക്കൊണ്ട് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭരണ) വകുപ്പ് നിർത്തലാക്കുകയും 2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുകയും ചെയ്യുകയുണ്ടായി.

2. 1951-ലെ XIX-ാം മദ്രാസ് ആക്റ്റിന്റെ 8സി വകുപ്പ് (1)-ാം ഉപവകുപ്പ് സർക്കാരിന്, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അയാൾ ഹിന്ദുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നയാളും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്ന ഒരാളുമാണെങ്കിൽ, സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിന്മേലും ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതും അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായും കൂടി ചുമതല വഹിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിന്റെ 19ജി വകുപ്പ് (1)-ാം ഉപവകുപ്പ്, 7-ാം വകുപ്പ് പ്രകാരം ബോർഡ് രൂപീകരിക്കപ്പെടുന്നതിൻമേൽ, നിർത്തലാക്കപ്പെട്ട വകുപ്പിലെ എല്ലാ മുഴുവൻ സമയ ജീവനക്കാരെയും, ബോർഡിലെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗത്തെപ്പോലെ ശമ്പളവും ബത്തകളും പെൻഷൻ ആനുകൂല്യങ്ങളും ഉൾപ്പെടെ എല്ലാ പ്രായോഗിക ആവശ്യങ്ങൾക്കും വേണ്ടി ഒരു സർക്കാർ ജീവനക്കാരനായി തുടർന്നും കരുതപ്പെടുന്നതും, 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് നിയമമാക്കാതിരുന്നുവെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന അതേ സേവനവ്യവസ്ഥകളോടും നിബന്ധനകളോടും, അതേ അവകാശങ്ങളും ആനുകൂല്യങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ, അതോടുകൂടിയും അവിടെ ഉദ്യോഗം വഹിക്കേണ്ടതും, ബോർഡ് ആയത് മാറ്റുന്നതുവരെ തുടരേണ്ടതുമാണ്.

3. മലബാർ ദേവസ്വം ബോർഡിലെ കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള, റദ്ദാക്കപ്പെട്ട വകുപ്പിലെ, അർഹരായ ഉദ്യോഗസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി, 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിന്റെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 8സി വകുപ്പ് (1)-ാം ഉപവകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 15-ാം തീയതിയിലെ 2749-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 31-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

6. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 12) 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 347-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2018-ലെ 12-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**കടകംപള്ളി സുരേന്ദ്രൻ.**

(ശരിത്തർജ്ജമ)

## 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

### (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്)

** ** ** **

8സി. ബോർഡിലെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും.—(1) സർക്കാരിന്, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ, അയാൾ ഹിന്ദുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നയാളും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്ന ഒരാളുമാണെങ്കിൽ, സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിൻമേലും ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതും അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായും കൂടി ചുമതല വഹിക്കേണ്ടതുമാണ്.

(2) അദ്ദേഹം ബോർഡിന്റെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കേണ്ടതാണ്.

** ** ** **

(6) (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ബോർഡിന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരത്തിലായിരിക്കേണ്ടതാണ്.

** ** ** **